**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കരുനാഗപ്പള്ളി നഗരസഭ -പ്രോജക്ട് നമ്പർ 338/19 - പ്ലസ് 1, പ്ലസ് 2 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പഠനമുറി നിർമ്മാണം (എസ്.സി.)- ശ്രീ.അഭിജിത്ത് എന്ന വിദ്യാർത്ഥിക്ക് ( S/o ശ്രീമതി ലത ഓമനക്കുട്ടൻ) ബാക്കി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2678/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 20/10/2018

---

പരാമർശം :- (1) കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയുടെ 12.09.2018 തീയതിയിലെ G3-10806/18 നമ്പർ കത്ത്.

(2) 27.09.2018 -ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗനടപടി കുറിപ്പിലെ തീരുമാനം നമ്പർ 4.7

30/10/18

**ഉത്തരവ്**

കരുനാഗപ്പള്ളി നഗരസഭയിൽ 2016-17 വാർഷിക പദ്ധതിയിൽ പ്ലസ് 1, പ്ലസ് 2 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പഠനമുറി നിർമ്മാണ (എസ്.സി.) പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭിജിത്ത് എന്ന വിദ്യാർത്ഥിക്ക് (S/o ശ്രീമതി.ലത ഓമനക്കുട്ടൻ) പഠന മുറി നിർമ്മാണത്തിന് ഒന്നാം ഗഡുവായ 50,000/- രൂപ അനുവദിച്ചിരുന്നു. ടി പദ്ധതി പ്രകാരം പഠനമുറിയുടെ വിസ്തീർണ്ണം 120 ച.അടിയിൽ കുറയാൻ പാടില്ല. എന്നാൽ 2-ാം ഗഡുവായ 50,000/-രൂപയ്ക്കായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയപ്പോൾ പഠനമുറിയുടെ വിസ്തീർണ്ണം 95.76 ച.അടി മാത്രമേയുള്ളൂ എന്നതിനാൽ ടി തുക അനുവദിച്ചില്ല. സ്ഥലപരിമിതി മൂലമാണ് അളവ് കുറഞ്ഞതെന്ന ടിയാരിയുടെ അപേക്ഷ പരിഗണിച്ച് ടി വിഷയം കോർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കാൻ പരാമർശം (1)പ്രകാരം കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. മേൽ വിഷയം 27.09.2018 ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചു. ടി യോഗത്തിൽ 2016-17 ൽ പഠനമുറിയുടെ പരമാവധി വിസ്തീർണ്ണം 100 മീറ്റർ മാത്രമേയുള്ളൂ എന്നും കമ്മിറ്റി നിരീക്ഷിക്കുകയും, പഠനമുറിയുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക അനുവദനീയമായ നിരക്കിൽ പരിമിതപ്പെടുത്തി നൽകുന്നതിന് പരാമർശം(2) പ്രകാരം അനുമതി നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കരുനാഗപ്പള്ളി നഗരസഭയുടെ 2016-17-ലെ 338/19 എന്ന പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭിജിത്ത് എന്ന വിദ്യാർത്ഥിക്ക് (S/o ശ്രീമതി.ലത ഓമനക്കുട്ടൻ) അനുവദിച്ച പഠനമുറിയുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക അനുവദനീയമായ നിരക്കിൽ പരിമിതപ്പെടുത്തി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ